Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

STATE POLICE MEDIA CENTRE

KERALA POLICE

No.296/PR/SPMC/PHQ/2026 Date:18.07.2026

പത്രക്കുറിപ്പ്

## കണ്ണൂർ സിറ്റി പോലീസിന്റെ ലഹരി വിരുദ്ധ വാക്കത്തോൺ ശ്രദ്ധേയമായി: ആഭ്യന്തര മന്ത്രി ഉദ്ഘാടനം ചെയ്തു

ലഹരി വിരുദ്ധ പോരാട്ടത്തിൽ ജനങ്ങളെ അണിനിരത്തി കണ്ണൂർ സിറ്റി പോലീസ് സംഘടിപ്പിച്ച വാക്കത്തോണും ലഹരി വിരുദ്ധ യജ്ഞവും ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. കേരളാ പോലീസിന്റെ 'ഓപ്പറേഷൻ തൂഫാൻ ദി നാർക്കോ ഹണ്ട്' എന്ന ലഹരി വിരുദ്ധ ദൗത്യത്തിന്റെ ഭാഗമായാണ് പരിപാടികൾ നടന്നത്.

കണ്ണൂർ പോലീസ് പരേഡ് ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ ആഭ്യന്തര മന്ത്രി തൂഫാൻ പതാക ഉയർത്തി. പരേഡ് ഗ്രൗണ്ടിൽ നിന്നും ആരംഭിച്ച വാക്കത്തോൺ കാൽടെക്സ്, ഗാന്ധി സർക്കിൾ, ട്രാഫിക് പോലീസ് സ്റ്റേഷൻ വഴി ജവഹർ സ്റ്റേഡിയത്തിൽ സമാപിച്ചു.

അസിസ്റ്റന്റ് സൂപ്രണ്ട് ഓഫ് പോലീസ് ഡോ. നന്ദഗോപൻ എം. സ്വാഗതം ആശംസിച്ച ചടങ്ങിൽ കണ്ണൂർ എംഎൽഎ അഡ്വ. ടി. ഒ. മോഹനൻ, അഴിക്കോട് എംഎൽഎ കെ. വി. സുമേഷ്, കഥാകൃത്ത് ടി. പത്മനാഭൻ, എന്നിവർ സംസാരിച്ചു. ലഹരിക്കെതിരെയുള്ള പ്രതിജ്ഞ കണ്ണൂർ സിറ്റി പോലീസ് കമ്മീഷണർ ബി. വി. വിജയ ഭരത് റെഡ്ഡി ചൊല്ലിക്കൊടുത്തു. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ, ഉത്തര മേഖല ഐജി പുട്ട വിമലാദിത്യ, കണ്ണൂർ ജില്ലാ കലക്ടർ പി. വിഷ്ണുരാജ്, കണ്ണൂർ അസിസ്റ്റന്റ് കലക്ടർ എസ്. സ്വാതി, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ ഡി ഷൈനി തുടങ്ങിയവർ പങ്കെടുത്തു.

## <u>ഫോട്ടോ ക്യാപ്ഷൻ</u>

കണ്ണൂർ പോലീസ് പരേഡ് ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ ആഭ്യന്തര മന്ത്രി തൂഫാൻ പതാക ഉയർത്തി. തുടർന്ന് വാക്കത്തോണും ലഹരി വിരുദ്ധ യജ്ഞവും ഉദ്ഘാടനം ചെയ്തു.

*******************************************************


The Narco Hunt